# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2758

17.06.2019-ലെ മറുപടി

### പീരുമേട് മണ്ഡലത്തിലെ ജലവിഭവവകുപ്പിന്റെ ഓഫീസും പദ്ധതികളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പീരുമേട് നിയോജകമണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റി ഓഫീസിന്റെ അധികാരമേഖലയുടെ വ്യാപ്തി ഇതിൽ ഉൾപ്പെടുന്ന പമ്പുഹൗസുകളുടെ എണ്ണം, ഇതിന്റെ മേൽനോട്ട ചുമതലയുള്ള ഫീൽഡ് ഉദ്യോഗസ്ഥരുടെ എണ്ണം, സ്ഥാന പ്പേര് എന്നിവ വ്യക്തമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ തൊടുപുഴ ഡിവിഷന്റെ കീഴിലുള്ള പീരുമേട് സബ്ഡിവിഷൻ ഓഫീസ് ആണ് പീരുമേട് നിയോജകമണ്ഡലത്തിലുള്ളത്. ഏകദേശം 150 കിലോമീറ്റർ വ്യാപ്തിയിൽ ഉൾപ്പെട്ട വണ്ടന്മേട് ചക്കുപള്ളം, കുമളി, വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ, ഉപ്പുതറ, പരുവന്താനം, കൊക്കയാർ എന്നി പഞ്ചായത്തുകൾ ഉൾപ്പെടുന്ന സ്ഥലമാണ് ഈ ഓഫീസിന്റെ അധികാരപരിധിയുടെ വ്യാപ്തി. ഈ ഓഫിസിന്റെ കീഴിൽ 26 വാട്ടർ സപ്ലൈ സ്കീമുകളിലായി 42 പമ്പ് ഹൗസുകൾ ഉണ്ട്. ഈ ഓഫീസിൽ മേൽനോട്ട ചുമതല നിർവഹിക്കുന്നതിനായി ഒരു അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർ, ഒരു അസ്സിസ്റ്റന്റ് എൻജിനിയർ, രണ്ടു ഓവർസിയർ എന്നിങ്ങനെ നാലു ഉദ്യോഗസ്ഥരുടെ തസ്തികകൾ ആണുള്ളത്.ആയതിൽ രണ്ടു ഓവർസിയർ ഒഴിച്ചുള്ള തസ്തികകളിൽ സ്ഥിരം ജീവനക്കാർ ജോലി ചെയ്തു വരുന്നു. ഓവർസിയർ തസ്തികയിൽ ഒരാൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തു വരുന്നു. |
| (ബി) | ദൈനംദിന അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ഓഫീസിൽ എന്ത് സ്ഥിരം സാവിധാനമാണ് നിലവിലുള്ളത്, ഓഫീസിന് കീഴിൽ ബ്ലൂ ബ്രിഗേഡ് എന്ന എമർജൻസി വിഭാഗം തുടങ്ങുവാൻ | (ബി) | ഈ ഓഫീസിൽ ദൈനംദിന അറ്റകുറ്റപണികൾ നടത്തുന്നതിന് സ്ഥിരം സംവിധാനം ഇല്ല. വാർഷിക അറ്റകുറ്റപണികൾക്കുള്ള കരാർ നിലവിൽ ഇല്ലാത്തതിനാൽ അടിയന്തിര സ്വഭാവമുള്ള പണികൾ ക്വട്ടേഷൻ മുഖാന്തിരം ആണ് ചെയുന്നത്. നിലവിലെ ആറ്റകുറ്റപ്പണികളുടെ എണ്ണവും ചെലവും ഒക്കെ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ പ്രവർത്തനം ആരംഭിക്കും; | | കണക്കാക്കി മാത്രമേ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിൽ വരുത്തുന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ സാധിക്കൂ. |
| (സി) | 2010-17 വർഷം മുതൽ 2019 മേയ് വരെ നൽകിയ വാട്ടർ കണക്ഷനുകൾ എത്ര; എത്ര കണക്ഷനുകളാണ് കൂടുതലായി നൽകാൻ ഉദ്ദേശിക്കുന്നത്, ഇതിലേക്കായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | 2016 - 17 മുതൽ 2019 മെയ് മാസം വരെ 1627 വാട്ടർ കണക്ഷനുകൾ ( ഗാർഹികം - 1544 , ഗാർഹികേതരം - 83 ) ആണ് നൽകിയിട്ടുള്ളത്. 2019 - 20 വർഷം 1000 പുതിയ കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി പൊതുജനങ്ങളുടെ സൗകര്യാർത്ഥത്തെ പ്രത്യേക കണക്ഷൻ മേള നടത്തുവാൻ പദ്ധതിയുണ്ട് |
| (ഡി) | ഈ ഓഫീസിന്റെ പരിധിയിലുള്ള ഹെലിബറിയ പദ്ധതിയുടെ നിലവിലെ ശോച്യാവസ്ഥ പരിഹരിച്ച് പൂർണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഹെലിബറിയ പദ്ധതിയുടെ നിലവിലെ ശോച്യാവസ്ഥ പരിഹരിച്ച് പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ജല അതോറിറ്റിയുടെ തൊടുപുഴ ഡിവിഷൻ ഓഫീസിൽ പരിശോധനയിലാണ്. പ്രധാനമായും പമ്പ് ഹൗസുകളുടെ നവീകരണം,പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

Renuka Sankar

**സെക്ഷൻ ഓഫീസർ**